# സംസ്ഥാന ഭിന്നശേഷി കമ്മീഷണറുടെ കോടതി

ആഞ്ജനേയ, റ്റി.സി 9/1023 (1), ഗ്രൗണ്ട് ഫ്ളോർ, ശാസ്തമംഗലം, തിരുവനന്തപുരം - 695 010

ഹാജർ: ശ്രീ. എസ്.എച്ച് . പഞ്ചാപകേശൻ, സംസ്ഥാന ഭിന്നശേഷി കമ്മീഷണർ

**OP (RPWD) No.4306/S3/2021**

2022 ഏപ്രിൽ മാസം 18-ാം തീയതി

| | | |
|---|---|---|
| ഹർജികക്ഷി | : | **ശ്രീ. വിനോദൻ. എം**<br>മുണ്ടിയോടുമ്മൽ<br>കുളത്തിന്റെകര,<br>ഇന്ദിരാ നഗർ,<br>കല്ലാച്ചി, തൃശ്ശൂർ - 673 506 |
| എതിർകക്ഷി | : | **സെക്രട്ടറി**<br>KSEB Ltd.,<br>തിരുവനന്തപുരം.. |

ഈ കേസിൽ അവസാന വാദം 13.04.2022 ൽ നടന്നിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ ഈ കോടതി ഇന്നേ ദിവസം താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ഉത്തരവ്

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ (KSEB) മസ്ദൂർ തസ്തികയിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം 19.04.2008 ൽ നിയമനം ലഭിച്ച ഭിന്നശേഷിക്കാരനാണ് താൻ എന്നും, എന്നാൽ ചില വ്യക്തിപരമായ കാരണങ്ങളാൽ, തനിക്ക് യഥാസമയം ജോലിയിൽ പ്രവേശിക്കാൻ കഴിഞ്ഞില്ല എന്നും, അപ്രകാരം ജോലിയിൽ പ്രവേശിക്കുന്നതിന് KSEB തനിക്ക് നീട്ടിതന്ന സമയപരിധി അവസാനിക്കുന്നതു സംബന്ധിച്ച അറിയിപ്പ് KSEB ൽ നിന്നും തനിക്ക് ലഭിക്കാത്തതു മൂലമാണ് ടി ജോലി നഷ്ടപ്പെട്ടത് എന്നും അത് തന്റെ ഭിന്നശേഷി അവകാശ ലംഘനമായതിനാൽ പരിഹാരം ആവശ്യപ്പെട്ടാണ് 04.12.2021 ൽ ഹർജിക്കാരൻ കമ്മീഷണറേറ്റിനെ സമീപിച്ചത്.

2. ഹർജിയിൽ, KSEB ക്ക് അയച്ച നോട്ടീസിന്റെ അടിസ്ഥാനത്തിൽ വിശദമായ റിപ്പോർട്ടും, അനുബന്ധ രേഖകളുടെ പകർപ്പും ഭിന്നശേഷി കമ്മീഷണറേറ്റിൽ ഹാജരാക്കി. ടി രേഖകൾ പരിശോധിച്ചതിൽ നിന്നും, ഹർജിക്കാരന് ടിയാന്റെ അപേക്ഷ പ്രകാരം ജോലിയിൽ പ്രവേശിക്കുന്നതിന് 04.06.2009 വരെ KSEB സമയം അനുവദിച്ചിരുന്നു എന്നും (അതായത് ഒരു വർഷവും രണ്ട് ആഴ്ചയും) എന്നാൽ ടി സമയപരിധി കഴിഞ്ഞിട്ടും ഹർജിക്കാരൻ ജോലിയിൽ പ്രവേശിക്കുകയോ,

ടി സമയപരിധി നീട്ടികിട്ടുന്നതിന് പ്രത്യേക അപേക്ഷ തരികയോ ചെയ്യാത്തതിനാൽ ടി വിവരം KSEB, കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലേക്ക് റിപ്പോർട്ടു ചെയ്തു എന്നും, അപ്രകാരം ചട്ടങ്ങൾ പാലിച്ച് മറ്റൊരാളിന് പബ്ലിക് സർവ്വീസ് കമ്മീഷൻ അഡ്വൈസ് നൽകുകയും, അതിന്റെ അടിസ്ഥാനത്തിൽ 19.11.2009 ൽ ടിയാന് KSEB ൽ നിയമനം നൽകുകയും ചെയ്തു എന്നും കാണുന്നു. ടി സംഗതികൾ, പബ്ലിക് സർവ്വീസ് കമ്മീഷൻെറ കോഴിക്കോട് ജില്ലാ ആഫീസിൽ നിന്നും ഹർജിക്കാരനെ യഥാസമയം തന്നെ അറിയിച്ചിട്ടുണ്ട് എന്നും KSEB റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. ടി സംഗതിയിൽ, ഹർജിക്കാരനെ ഒന്നിലേറെ പ്രാവശ്യം ഓൺലൈനായി സംസ്ഥാന ഭിന്നശേഷി കമ്മീഷണർ കേൾക്കുകയും, ഹർജിക്കാരന്റെ ഇതു സംബന്ധിച്ച് മറിച്ചുള്ള അവകാശ വാദങ്ങൾ നിയമപരമായി നിലനിൽക്കുന്നവയല്ല എന്ന് KSEB യുടെ അഭിഭാഷകൻ എതിർവാദം ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്.

4. ടി അവകാശവാദവും, തർക്കങ്ങളും ടി രേഖകളുടെ വെളിച്ചത്തിൽ വിലയിരുത്തുമ്പോൾ ഈ കേസിൽ ഹർജിക്കാരന്റെ ഭിന്നശേഷി അവകാശങ്ങൾ ഒന്നും തന്നെ ലംഘിക്കപ്പെട്ടതായി അനുമാനിക്കാൻ കഴിയുന്നില്ല. മറിച്ച്, ഹർജിക്കാരന്റെ ഭാഗത്തു നിന്നുള്ള വീഴ്ചകൾ കൊണ്ടാണ് ടിയാന് നിയമപ്രകാരം KSEB ൽ ലഭിച്ച സ്ഥിര ജോലി നഷ്ടപ്പെടാൻ ഇടയായത് എന്ന് വ്യക്തമായി തെളിയുന്നുണ്ട്. ഇന്ന് KSEB, ഒരു Limited Company യാണ്. ഏപ്രിൽ 2008 ൽ തനിക്ക് പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം KSEB ൽ ലഭിച്ച സ്ഥിര ജോലി നഷ്ടപ്പെട്ടു എന്ന പരാതിയുമായി ടിയാൻ ഭിന്നശേഷി കമ്മീഷണറേറ്റിനെ സമീപിച്ചത് 04.12.2021 - ൽ ആണ് എന്ന് മുകളിൽ പറഞ്ഞിട്ടുണ്ട് (അതായത് 13 വർഷങ്ങൾക്ക് ശേഷം). ഇത്തരം ഒരു കേസിൽ, യാതൊരു പരിഹാരത്തിനും ഹർജിക്കാരൻ അർഹനല്ല എന്നു തീരുമാനിക്കുന്നു.

അതിനാൽ ഹർജി തള്ളി ഉത്തരവാകുന്നു.

**2022 ഏപ്രിൽ മാസം 18-ാം തീയതി**

ഒപ്പ്/-
എസ്.എച്ച്.പഞ്ചാപകേശൻ,
സംസ്ഥാന ഭിന്നശേഷി കമ്മീഷണർ

<u>അനുബന്ധം:</u> ഇല്ല

ഒപ്പ്/-
എസ്.എച്ച്.പഞ്ചാപകേശൻ,
**സംസ്ഥാന ഭിന്നശേഷി കമ്മീഷണർ**

**ഉത്തരവിൻ പ്രകാരം**

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**